**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1844 | 14.7.2011 ൽ മറുപടിക്ക് |
|---|---|

## കുന്നംകുളം താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി. | ശ്രീ. അടൂർ പ്രകാശ്<br>(ബഹു ആരോഗ്യവും കുടുംബക്ഷേമ വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) കുന്നംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ, സർജറി, അനസ്തേഷ്യ, ഇ.എൻ.റ്റി, മെഡിസിൻ എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാർ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) ജനറൽ സർജറി, ജനറൽ മെഡിസിൻ, അനസ്തേഷ്യ, എന്നീ വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റ് നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തി പ്രസ്തുത വിഭാഗങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അവശ്യ സേവനം ഉറപ്പുവരുത്തുന്നതിനായി അഡ്ഹോക്ക് നിയമനം മുഖേന ഡോക്ടർമാരെ നിയമിക്കുവാൻ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇ.എൻ.റ്റി. വിഭാഗത്തിലെ ഡോക്ടറുടെ ഒഴിവ് നികത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ